**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :1385 30.1.2018-ൽ മറുപടിയ്ക്ക്

## കോതമംഗലം താലൂക്ക് ലൈബ്രറി കൗൺസിൽ കെട്ടിടത്തിന് റവന്യൂ ഭൂമി

ചോദ്യം
ശ്രീ.ആന്റണി ജോൺ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കോതമംഗലം താലൂക്ക് ലൈബ്രറി കൗൺസിലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി കോതമംഗലം മുനിസിപ്പാലിറ്റി വിട്ടു കൊടുത്തിട്ടുള്ള സ്ഥലം റവന്യൂ തരിശ് ഭൂമി ആയതിനാൽ ആയത് സർക്കാരിൽ നിന്നും വിട്ടു കിട്ടുന്നതിനു വേണ്ടി നൽകിയിട്ടുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ; | (എ) യും,(ബി) യും 12.6.2006-ലെ 48925/എ 1/2006/റവ നമ്പർ സർക്കുലർ പ്രകാരം, സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ഭൂമി അനുവദിക്കുന്ന വിഷയത്തിൽ നിയന്ത്രണമുള്ളതിനാൽ, കോതമംഗലം താലൂക്ക് ലൈബ്രറി കൗൺസിലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നതിനുള്ള വിഷയം തൽക്കാലം പരിഗണനാർഹമല്ലാത്തതാണ്. അങ്ങനെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി പാട്ടത്തിന് നൽകുകയോ അഥവാ മാർക്കറ്റ് വില ഈടാക്കി പതിച്ചു നൽകുകയോ ചെയ്യുന്നകാര്യം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലം എത്രയും വേഗത്തിൽ ലൈബ്രറി കൗൺസിലിനു ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ